LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനും, വിദഗ്ധ പരിശീലനം നൽകുന്നതിനുംവേണ്ടി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അപ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 23 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ സ്കൂൾ, മാനേജ്മെന്റുകളുടെ സഹകരണത്തോടുകൂടി 22 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. കൂടുതൽ സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഒപ്പം സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളിലെ കായികതാരങ്ങളുടെ ദിനബത്ത കൂട്ടുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്കൂൾ തലങ്ങളിലെ 14-നും 20-നും ഇടയിൽ പ്രായമുള്ള കായികതാരങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്ന രീതിയിൽ ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്പോർട്സ് സ്കോളർഷിപ്പ് ഏർപ്പെടുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) സൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകളിൽ പല കായിക ഇനങ്ങൾ ഒരു ഗ്രൗണ്ടിൽ പരിശീലിക്കാവുന്ന തരത്തിൽ വിവിധോദ്ദേശ്യ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്.

സിനിമ തിയേറ്ററുകൾ

273 (2017) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമ തിയേറ്ററുകൾ ഇല്ലാത്ത നഗരസഭകൾ സ്ഥലം ലഭ്യമാക്കിയാൽ തിയേറ്ററുകൾ പണിതുകൊടുക്കുമെന്ന സർക്കാർ വാഗ്ദാനം വഴി ഇതുവരെ എത്ര തിയേറ്ററുകൾ സംസ്ഥാനത്ത് നിർമ്മിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) പി.പി.പി. മാതൃകയിൽ തിയേറ്ററുകൾ പണിയുന്നതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) പി.പി.പി. മാതൃകയിൽ തിയേറ്ററുകൾ പണിയുമ്പോൾ നടത്തിപ്പിൽ നഗരസഭയുടെ പങ്ക് എന്താണെന്നും ഈ രീതിയിൽ സംസ്ഥാനത്ത് എവിടെയെങ്കിലും തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രസ്തുത പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്റർ പണിയുന്നതിന് സ്ഥലം അനുവദിക്കുന്ന സ്ഥലങ്ങളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന തീയേറ്ററുകളുടെ പരിപൂർണ്ണ മേൽനോട്ടം കെ. എസ്. എഫ്.ഡി.സി.ക്കായിരിക്കും. കുറഞ്ഞ ചെലവിൽ കലാമൂല്യമുള്ള സിനിമകൾ പൊതുജനങ്ങളുടെ മുന്നിലെത്തിക്കുക എന്നതാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യം.

(സി) നഗരസഭയ്ക്ക് പങ്ക് എന്താണെന്നുള്ളതിനെ സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ഈ രീതിയിൽ സംസ്ഥാനത്ത് ഒരിടത്തും കെ.എസ്.എഫ്.ഡി.സി.യുടെ കീഴിൽ തീയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.

സെസ്സ് ഇനത്തിൽ ലഭ്യമായ വരുമാനം

274 (2018) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിക്കറ്റ് നിരക്കിനോടൊപ്പം സെസ്സ് ചുമത്തിയ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്ക് നാളിതുവരെ ലഭ്യമായിട്ടുള്ള വരുമാനം ജില്ല അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) അധിക സെസ്സ് ചുമത്തിയശേഷം കെ.എസ്.ആർ.ടി.സി. യാത്രികരുടെ എണ്ണത്തിൽ കുറവു വന്നതായി നിരീക്ഷിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ?

ഉത്തരം

(എ) സെസ്സ് ഈടാക്കി തുടങ്ങിയ 1-4-2015 മുതൽ 31-1-2016 വരെ ടി ഇനത്തിൽ ആകെ 34,48,90,251 രൂപ (മുപ്പത്തിനാല് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുന്നൂറ്റി അൻപത്തി ഒന്ന് രൂപ) KSRTC-യ്ക്ക് ലഭ്യമായിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	6,25,31,502
കൊല്ലം	-	1,39,28,343
ആലപ്പുഴ	-	73,03,048
പത്തനംതിട്ട	-	1,70,86,806